## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1667 — 03-10-2011 -ൽ മറുപടിക്ക്.

### മദ്യനയം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ | | ശ്രീ. കെ. ബാബു (എക്സൈസും തുറമുഖവും വകുപ്പു മന്ത്രി) | |
| (എ) | മദ്യത്തിന്റെ ലഭ്യത കുറയ്ക്കാൻ പാകത്തിലുള്ള മദ്യനയം 100 ദിവസത്തിനുള്ളിൽ പ്രഖ്യാപിക്കുമെന്നുള്ള പ്രഖ്യാപനം നടപ്പാക്കിയോ; | (എ) | ഈ സർക്കാരിന്റെ പുതിയ മദ്യനയം ഇതിനകം പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി) | ഇതുമൂലം മദ്യത്തിന്റെ ലഭ്യത കുറഞ്ഞിട്ടുണ്ടോ; | (ബി) | മദ്യത്തിന്റെ ലഭ്യത കുറയ്ക്കുന്നതിനായുള്ള കർശന വ്യവസ്ഥകൾ, പുതിയ മദ്യനയത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (സി) | 100 ദിവസത്തിനുള്ളിൽ 140 ലഹരി വിരുദ്ധ ക്ലബ്ബുകൾ എല്ലാ നിയോജക മണ്ഡലങ്ങളിലും തുടങ്ങുമെന്നുള്ള പ്രഖ്യാപനം നടപ്പാക്കിയോ; | (സി) | നടപ്പിലാക്കി വരുന്നു. |
| (ഡി) | എങ്കിൽ ഏതൊക്കെ മണ്ഡലങ്ങളിൽ ഏതൊക്കെ പ്രദേശങ്ങളിലാണ് നിലവിൽ വന്നിട്ടുള്ളത്; | (ഡി) | ചടയമംഗലം - തേവന്നൂർ ഗവ. H.S.S., അടൂർ - പറക്കോട് P.G. മെമ്മോറിയൽ സ്കൂൾ, അമ്പലപ്പുഴ - ലജനത്ത് H.S.S., ആലപ്പുഴ - ആലപ്പുഴ S.D.V.H.S.S., പൊന്നാനി - A.V.H.S., നിലമ്പൂർ - മാർത്തോമാ H.S.S. ചുങ്കത്തറ, കൊണ്ടോട്ടി-ഒഴുക്കൂർ, മലപ്പുറം M.S.A. H.S.S., വേങ്ങര ഗവ. ബോയ്സ് H.S., വള്ളിക്കടവ് C.B.H.S.S. വള്ളിക്കുന്ന്, സൂപ്പി കുടി ഗവ. മെമ്മോറിയൽ H.S.S. പരപ്പനങ്ങാടി, മാനന്തവാടി തൃശ്ശിലേരി ഗവ. H.S.S., സുൽത്താൻ ബത്തേരി - പൂതാടി S.N. H.S.S., മീനങ്ങാടി H.S.S., കൽപ്പറ്റ - S.K.M.J.H.S.S. എന്നിവിടങ്ങളിലും, കോഴിക്കോട് ബേപ്പൂരിൽ 2, കോഴിക്കോട് നോർത്തിലും സൗത്തിലും 1 വീതവും, കുന്നമംഗലം 1, കൊടുവള്ളി 2, എലത്തൂർ 2, ബാലുശ്ശേരി 1, കൊയിലാണ്ടി 1, പേരാമ്പ്ര 1, നാദാപുരം 2, വടകര 1, കുറ്റ്യാടി 1, തിരുവമ്പാടി 1, തൃശ്ശൂർ ജില്ലയിലെ 13 നിയോജക മണ്ഡലങ്ങളിലും ഓരോ ക്ലബ്ബു വീതവും, എറണാകുളത്ത് കൊച്ചി, കണയൂർ, വടക്കംപറവൂർ ആലുവ, കുന്നത്തുനാട്, മൂവാറ്റുപുഴ, |

കോതമംഗലം എന്നിവിടങ്ങളിലും, ഇടുക്കി ജില്ലയിൽ ദേവികുളം, തൊടുപുഴ, ഉടുംമ്പൻ ചോല, പീരുമേട്, ഇടുക്കി എന്നിവിടങ്ങളിലും പാലക്കാട് ജില്ലയിലെ പാലക്കാട്, ചിറ്റൂർ, നെന്മാറ, മണ്ണാർകാട്, ഷൊർണ്ണൂർ, തൃത്താല, ആലത്തൂർ, തരൂർ, പട്ടാമ്പി, ഒറ്റപ്പാലം, മലമ്പുഴ, കോങ്ങാട് എന്നിവിടങ്ങളിലും, കണ്ണൂർ ജില്ലയിൽ 11 നിയോജക മണ്ഡലങ്ങളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ ആരംഭിച്ചിട്ടുണ്ട്.

(ഇ) ഇവയുടെ ഘടനയും, സ്വഭാവവും, പ്രവർത്തന രീതിയും വിശദമാക്കാമോ?

(ഇ) ലഹരി വിരുദ്ധ ക്ലബ്ബുകളുടെ ചുമതല, ബന്ധപ്പെട്ട സ്ഥാപനത്തിലെ പ്രധാന അദ്ധ്യാപകനും, തെരഞ്ഞെടുത്ത വിദ്യാർത്ഥികൾക്കും, ബന്ധപ്പെട്ട എക്സൈസ് ഇൻസ്പെക്ടർക്കുമാണ്.

ക്ലബ്ബിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

1. മദ്യത്തിനും, മയക്കുമരുന്നിനും, പുകയില ഉല്പന്നങ്ങൾക്കുമെതിരെയുള്ള ബോധവല്ക്കരണ പ്രവർത്തനങ്ങളിൽ പങ്കാളികൾ ആകുക.
2. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ, ലഹരി പദാർത്ഥങ്ങൾ വിദ്യാലയങ്ങളിൽ നിന്നും അകറ്റി നിർത്തുക.
3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ, സ്കൂളുകളുടെ സമീപം, മദ്യം, മയക്കുമരുന്നു പുകയില ഉല്പന്നങ്ങൾ എന്നിവയുടെ ലഭ്യത ഇല്ലാതാ ക്കുക.
4. ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്ന വിദ്യാർത്ഥികൾ ഉണ്ടെങ്കിൽ അവരെ കണ്ടെത്തി ഈ ദു:ശ്ശീലത്തിൽ നിന്നും പിന്തിരിപ്പിക്കുക.
5. മദ്യത്തിനും, മയക്കുമരുന്നിനും അടിമകളായവരെ കണ്ടെത്തി, അവരെ ബോധവൽക്കരണത്തിലൂടെ മോചിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ നടത്തുക. ചികിത്സ ആവശ്യമായിട്ടുള്ളവർക്ക് അതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നല്കുക.

സെക്ഷൻ ആഫീസർ